# 3

# പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

## 3.1 ആമുഖം

പഠിതാക്കളുടെ ജീവിതപരിസരത്തിൽ നിന്നു തന്നെ പഠനം ആരംഭിക്കണമെന്ന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് നിർദേശിക്കുന്നു. കാരണം, വിദ്യാഭ്യാസം എന്നത് സാമൂഹികമായ ഒരു പ്രക്രിയയാണ്. പഠിതാവും ചുറ്റുപാടുകളുമായുള്ള നിരന്തര സമ്പർക്കത്തിലൂടെയാണ് ജ്ഞാനം നിർമിക്കപ്പെടുന്നത്. ക്ലാസ്മുറികളെ ജീവിതസാഹചര്യങ്ങളുമായി ഇഴചേർക്കേണ്ടത് ജീവിതത്തിന് ഉപയുക്തമായ ജ്ഞാനനിർമാണത്തിന് അത്യാവശ്യമാണ്. ഇത്തരത്തിലുള്ള സമ്പർക്കത്തിലൂടെ വിദ്യാർഥി അറിവ് നേടുകയും സ്വന്തം ഉണ്മയെ കണ്ടെത്തുകയും ചെയ്യുന്നു.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പുറന്തള്ളപ്പെട്ടവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പ്രത്യേകിച്ച്, ദളിതരുടെയും പെൺകുട്ടികളുടെയും ജ്ഞാനനിർമിതിയിലൂടെയും ശാക്തീകരണത്തിലൂടെയുമാണ് ഒരു വിദ്യാഭ്യാസ പദ്ധതി സാഫല്യം നേടുന്നത്. ഇതിന് ആവശ്യമായ ഒരു ചട്ടക്കൂട് നിർമിക്കുകയും യുക്തിസഹവും കാര്യകാരണബദ്ധവുമായ രീതികളിലൂടെ വിദ്യാർഥിയെ മുന്നോട്ട് നയിക്കുകയുമാണ് പാഠ്യപദ്ധതി ചെയ്യേണ്ടത്.

ഇത്തരം വിദ്യാഭ്യാസ പദ്ധതിയുടെ ചാലകശക്തി വിമർശനാധിഷ്ഠിതമായ ബോധനരീതിയാണ്. തന്നെയും തന്റെ ചുറ്റുപാടിനെയും (ആന്തരികമായ കഴിവുകളെയും ചുറ്റുപാടുകളിൽ നിന്ന് ആർജിക്കുന്ന അറിവുകളെയും) വിമർശനാത്മകമായി സമീപിക്കുകയും അതിലൂടെ പുതിയ അറിവുകൾ നിർമിക്കുകയും ചെയ്യുന്ന രീതിയാണിത്. എല്ലാ പഠിതാക്കൾക്കും നൈസർഗികമായ കഴിവുകളുണ്ട്. എന്നാൽ സാംസ്കാരികമായ സാഹചര്യങ്ങളുടെ സമ്മർദം അനുസരിച്ച് അവ രൂപപ്പെടുന്നത് പലവിധത്തിലാണ്. സമൂഹത്തിലെ വൈരുധ്യങ്ങൾ പഠിതാക്കൾ ആർജിക്കുന്ന കഴിവിനെ സ്വാധീനിക്കുന്നു. നൈസർഗികമായ കഴി

> *വിമർശനാത്മക ബോധനം പ്രശ്നങ്ങളുടെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും ധാർമികവുമായ വശങ്ങളെപ്പറ്റി വിമർശനാത്മകമായി ചിന്തിക്കുന്നതിന് സന്ദർഭം നൽകുന്നു. സാമൂഹിക പ്രശ്നങ്ങളിൽ വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകൾ ഉണ്ടാകാമെന്ന് അത് അംഗീകരിക്കുന്നു. പരസ്പര പ്രവർത്തനങ്ങളിൽ ജനാധിപത്യ രീതിയോട് പ്രതിജ്ഞാബദ്ധത വളർത്തുന്നു. സ്കൂളുകൾ ഏറെ വിഭിന്നമായ സാഹചര്യങ്ങളിലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ ഇത് പ്രധാനമാണ്. വിമർശനാത്മകമായ ഒരു ചട്ടക്കൂട്, സാമൂഹിക പ്രശ്നങ്ങളെയും അവ തങ്ങളുടെ ജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെയും വ്യത്യസ്ത കാഴ്ചപ്പാടുകളിൽ നിന്ന് പരിശോധിക്കാനും മനസ്സിലാക്കാനും കുട്ടികളെ സഹായിക്കുന്നു. ഉദാഹരണത്തിന്, ജനാധിപത്യത്തെക്കുറിച്ചുള്ള അറിവുണ്ടാക്കാൻ പല പാതകൾ സ്വീകരിക്കാം. തങ്ങൾ മറ്റുള്ളവരെ, സ്നേഹിതരെയും അയൽവാസികളെയും മുതിർന്നവരെയും എതിർ ലിംഗത്തിൽപ്പെട്ടവരെയും കാണുന്നതെങ്ങനെ? പ്രവർത്തനങ്ങൾ, കളികൾ, സുഹൃത്തുക്കൾ ഉപജീവനതൊഴിലുകൾ, മുതലായവയിൽ തിരഞ്ഞെടുപ്പു നടത്തുന്നതെങ്ങനെ? തീരുമാനങ്ങളെടുക്കാനുള്ള കഴിവ് വളർത്തുന്നതെങ്ങനെ? അതുപോലെ തന്നെ മനുഷ്യാവകാശങ്ങൾ, ജാതി, മതം, ലിംഗം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെപ്പറ്റി കുട്ടികൾ വിമർശനപരമായി ചിന്തിക്കട്ടെ. തങ്ങളുടെ ദൈനംദിനാനുഭവങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു പരിശോധിക്കട്ടെ. വ്യത്യസ്ത തരത്തിലുള്ള അസമത്വങ്ങൾ എങ്ങനെ പരസ്പരം ശക്തിപ്പെടുത്തി അവയെ ശാശ്വതമാക്കുന്നു എന്നു തിരിച്ചറിയട്ടെ. തുറന്ന ചർച്ചകളിലൂടെയും ഒന്നിലധിക കാഴ്ചപ്പാടുകൾ തിരിച്ചറിയുന്നതിലൂടെയും അതിനായി പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വിമർശനാത്മക ബോധനം കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനെ സഹായിക്കുന്നു.*
>
> ***NCF - 2005***

വുകളെക്കാൾ, സാമൂഹിക സാംസ്കാരിക രൂപങ്ങളുടെ വൈവിധ്യവും വൈരുധ്യവുമാണ് കുട്ടികളെ 'മണ്ടരും മിടുക്കരും' ഒക്കെ ആക്കി മാറ്റുന്നത്. ഇത്തരം വൈവിധ്യവുമായും വൈരുധ്യങ്ങളുമായും നിരന്തരം ഇടപെടുകയും ചോദ്യംചെയ്യുകയും ചെയ്യുന്ന രീതി വിമർശനാധിഷ്ഠിത ബോധനത്തിലൂടെ കുട്ടിയിൽ വളരാനനുവദിച്ചാലേ ഈ പ്രശ്നത്തെ നേരിടാനാകൂ. ഇതിനാവശ്യമായ ശേഷികളും നൈപുണികളും വളർത്തുകയാണ് അധ്യാപകരുടെ ധർമം. സാമാന്യബോധത്തിൽ നിന്ന് ശാസ്തീയ വീക്ഷണത്തിലേക്കുള്ള കുട്ടികളുടെ പരിവർത്തനം ഇതുവഴി സാധ്യമാക്കുന്നു.

വിമർശനാധിഷ്ഠിത പഠനരീതി അധ്യാപകരും ഭൗതിക സാഹചര്യങ്ങളും പഠിതാക്കളും തമ്മിലുള്ള സന്തുലിതമായ ബന്ധങ്ങളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അധ്യാപകർ കുട്ടികളുടെ ചുറ്റുപാടുകളെയും കൈകാര്യം ചെയ്യുന്ന ജ്ഞാനരൂപങ്ങളെയും കുറിച്ച് വ്യക്തമായ അവബോധമുള്ളവരാകണം. വിമർശനാധിഷ്ഠിത പദ്ധതിയുടെ രീതിശാസ്ത്രത്തെപ്പറ്റി അവഗാഹമുള്ളവരായിരിക്കണം. സ്വാഭാവികമായ പഠനസാഹചര്യങ്ങൾ പൂർണമായും ക്ലാസ് മുറിയിൽ സന്നിവേശിപ്പിക്കാൻ സാധ്യമല്ലെന്നും പഠിതാവിനെ സ്വന്തം ജീവിതസാഹചര്യങ്ങൾ വിമർശനാത്മകമായി തിരിച്ചറിയാൻ പ്രേരിപ്പിക്കുകയും അതിനുള്ള ശേഷി വികസിപ്പിക്കുകയുമാണ് വേണ്ടതെന്നും അവർ മനസ്സിലാക്കണം. ക്ലാസ് മുറിക്കകത്തും പുറത്തുമുള്ള ഭൗതിക സാഹചര്യങ്ങളും പഠിതാവിന്റെ ജീവിത പരിസരത്തിലെ ലഭ്യമായ സാധ്യതകളും ഇതിനനുസരിച്ച് പ്രയോജനപ്പെടുത്താൻ വിദ്യാഭ്യാസ പദ്ധതിക്ക് കഴിയണം. പഠിതാവിന്റെ ജീവിതപരിസരത്തിൽ നിലനിൽക്കുന്ന വൈരുധ്യങ്ങളെയും തെറ്റായ ധാരണകളെയും തിരിച്ചറിയാനുള്ള കഴിവും ഇതിന്റെ ഭാഗമാണ്. ഇത്തരത്തിലുള്ള വൈവിധ്യമാർന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ പ്രേരകമാകുന്ന പാഠപുസ്തകങ്ങൾ നിർമിക്കുകയും പ്രവർത്തനപദ്ധതികൾ സജ്ജമാക്കുകയും വേണം. ഈ പഠനപ്രവർത്തന രൂപങ്ങളിലൂടെയാണ് പഠിതാവ് സ്വന്തം സ്വത്വം തിരിച്ചറിയുകയും സാമൂഹികപ്രവർത്തനങ്ങളിൽ സർഗാത്മകവും ക്രിയാപരവുമായ പങ്കുവഹിക്കാനുള്ള നൈപുണികളും ശേഷികളും സന്നദ്ധതയും കൈവരിക്കുകയും ചെയ്യുന്നത്. സർഗാത്മകവും ചൈതന്യവത്തുമായ പൗരസമൂഹം സൃഷ്ടിക്കുന്നതിനുള്ള സുപ്രധാനമായ കാൽവയ്പാണ് പൊതുവിദ്യാഭ്യാസഘട്ടം പൂർത്തിയാകുന്നതിലൂടെ സംഭവിക്കുന്നത്.

പുതിയ പാഠ്യപദ്ധതി ജ്ഞാനനിർമിതിയെ ലക്ഷ്യവും മാർഗവുമാക്കുന്ന പഠനം വിഭാവനം ചെയ്യുന്നു. ജ്ഞാനനിർമിതിയുടെതായ പരിപ്രേക്ഷ്യത്തിൽ പഠനമെന്നത് അറിവ് നിർമിക്കുന്ന പ്രക്രിയയാണ്. ജീവിതത്തിലെ ഓരോ അനുഭവവും ഒരു പുതിയ ആശയരൂപീകരണത്തിന് കാരണമാകുന്നു. ഇങ്ങനെ നേടിയ ആശയങ്ങൾ നേരത്തെ ഉണ്ടായിരുന്ന/രൂപപ്പെടുത്തിയ ആശയങ്ങളോട് കൂട്ടിച്ചേർത്ത് സ്വയം അറിവ് നിർമിക്കുകയാണ് പഠിതാക്കൾ ചെയ്യുന്നത്. തന്റെ ചുറ്റുപാടുമായി നിരന്തരം ഇടപെട്ടുകൊണ്ടാണ് കുട്ടി അറിവ് നിർമിക്കുന്നത് എന്നർഥം. ഇത് സഹജമായ ഒരു നിരന്തരപ്രക്രിയയാണ്. അതായത്,

- അറിവിന്റെ സൃഷ്ടിയാണ് പഠനം
- പ്രശ്ന നിർധാരണമാണ് പഠനം
- സ്വാഭാവികമായ ഒരു പ്രക്രിയയുടെ ഉൽപന്നമാണ് പഠനം

അറിവിന്റെ നിർമാണം കേവലം ക്ലാസ്മുറിയിൽ മാത്രം ഒതുങ്ങുന്നതല്ല. ക്ലാസ്മുറിക്കും സ്കൂളിനും പുറത്തുള്ള ലോകവുമായി കുട്ടി സജീവമായി ഇടപെടുകയും അന്വേഷിക്കുകയും പ്രതികരിക്കുകയും ആവിഷ്കരിക്കുകയും അപഗ്രഥിക്കുകയും അർഥം കാണുകയും ചെയ്യുന്നു. ഇങ്ങനെ മുതിർന്നവരുടെ സമൂഹവുമായി കുട്ടി പതുക്കെപ്പതുക്കെ ഇഴുകിച്ചേരുന്നു. അതു

**ജ്ഞാനനിർമിതി പ്രകാരമുള്ള പഠനസന്ദർഭം**

| *പ്രക്രിയ* | *ശാസ്ത്രം* | *ഭാഷ* |
|---|---|---|
| | *സന്ദർഭം*<br>പഠിതാക്കൾ സസ്തനികളെക്കുറിച്ചുള്ള ഒരു പാഠം വായിക്കുന്നു. വ്യത്യസ്ത പ്രദേശങ്ങളിലെ സസ്തനികളുടെ ജീവിതം വീഡിയോയിൽ കാണുന്നു. അവ കൂട്ടംകൂട്ടമായി കരയിലോ വെള്ളത്തിലോ സഞ്ചരിക്കുന്നതും മേയുന്നതും ഇരയെ ആക്രമിക്കുന്നതും പ്രസവിക്കുന്നതും ആപത്ഘട്ടത്തിൽ ഒരുമിച്ചു നിൽക്കുന്നതും ഇതുപോലുള്ള മറ്റു സംഭവങ്ങളും കാണുന്നു. | *സന്ദർഭം*<br>പഠിതാക്കൾ കാബൂളിവാല എന്ന കഥ വായിക്കുന്നു. അതിനുശേഷം കഥയിലെ ചില രംഗങ്ങളുടെ ചിത്രീകരണവും ലഘു വിവരങ്ങളും അടങ്ങുന്ന പഠനസാമഗ്രികൾ നൽകുന്നു. ചിത്രങ്ങളിൽ കാണിച്ചിട്ടുള്ള ഒന്നോ രണ്ടോ രംഗങ്ങൾ ഏതാനും കുട്ടികൾ അഭിനയിച്ചു കാണിക്കുന്നു. |
| നിരീക്ഷണം | പഠിതാക്കൾ പ്രധാനപ്പെട്ട സംഭവങ്ങൾ, സസ്തനികളുടെ പെരുമാറ്റങ്ങൾ, പ്രവർത്തികൾ എന്നിവ ശ്രദ്ധിക്കുന്നു. | പഠിതാക്കൾ അഭിനയിക്കപ്പെടുന്ന രംഗങ്ങൾ വീക്ഷിക്കുന്നു. |
| സാന്ദർഭീകരണം | അവർ തങ്ങളുടെ നിരീക്ഷണത്തെ പാഠപുസ്തകവുമായി താരതമ്യപ്പെടുത്തുന്നു. | പാഠത്തിലെ കഥയെ, പഠനസാമഗ്രികളിലെ ചിത്രങ്ങളുമായി ബന്ധപ്പെടുത്തുന്നു. |
| അറിയൽ<br>പരിശീലനം | സസ്തനികളുടെ ഉദാഹരണം ഉപയോഗിച്ചുകൊണ്ട്, ലഭിച്ച വിവരങ്ങൾ താൻ എങ്ങനെ അപഗ്രഥിക്കും, എങ്ങനെ വ്യാഖ്യാനിക്കും എന്ന് അധ്യാപിക വിവരിക്കുന്നു. | അഭിനയിക്കപ്പെട്ട രംഗങ്ങൾ ഉപയോഗിച്ച് കഥയുടെ വായനയും പഠനസാമഗ്രികളിലെ ചിത്രങ്ങളും എങ്ങനെ കൂട്ടിയിണക്കാമെന്നതിന്റെ മാതൃക അധ്യാപിക നൽകുന്നു. |
| കൂട്ടായ്മ | നിർദിഷ്ഠ പ്രവർത്തനങ്ങൾക്കായി പഠിതാക്കൾ ഗ്രൂപ്പുകളായി പിരിയുന്നു. അധ്യാപിക അവർക്കു വേണ്ട നിർദേശങ്ങൾ നൽകുന്നു. | പഠിതാക്കൾ വ്യത്യസ്ത ഗ്രൂപ്പുകളായി തിരിഞ്ഞ് വ്യാഖ്യാനങ്ങൾ ചമയ്ക്കുന്നു. മുന്നേറുന്ന മുറയ്ക്ക് അധ്യാപിക അവർക്ക് നിർദേശങ്ങൾ നൽകുന്നു. |
| വ്യാഖ്യാന നിർമ്മിതി | കരയിലോ വെള്ളത്തിലോ ജീവിക്കുന്ന സസ്തനികളെക്കുറിച്ച് തങ്ങൾക്കുണ്ടായിരുന്ന പൂർവധരണകളുടെ തെറ്റും ശരിയും നോക്കാനായി പഠിതാക്കൾ തെളിവുകൾ കണ്ടെത്തുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. | പഠിതാക്കൾ കഥ അപഗ്രഥിക്കുകയും തങ്ങളുടേതായ വ്യാഖ്യാനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. |
| ഒന്നിൽ കൂടുതൽ വ്യാഖ്യാനങ്ങൾ | അവർ വിശദീകരണങ്ങൾ നൽകുന്നു. പാഠത്തെയും സ്വന്തം അപഗ്രഥനത്തെയും ആസ്പദിച്ച് പൂർവ ധാരണകളും ആശയങ്ങളും ഗ്രൂപ്പിനകത്തും ഗ്രൂപ്പുകൾക്കിടയിലും ന്യായീകരിക്കാൻ ശ്രമിക്കുന്നു. തെളിവുകളും പാഠഭാഗങ്ങളും വാദങ്ങളും ഒക്കെ ചേർന്ന് വിവരങ്ങൾ വ്യാഖ്യാനിക്കുന്നതിനും ഉത്തരങ്ങൾ കണ്ടെത്തുന്നതിനും ഒന്നിൽക്കൂടുതൽ വഴികളുണ്ടെന്ന് അവർക്ക് വ്യക്തമാക്കിക്കൊടുക്കുന്നു. | ഗ്രൂപ്പുകൾക്കുള്ളിലും ഗ്രൂപ്പുകൾക്കിടയിലും ഉണ്ടായ വ്യാഖ്യാനങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ, കാബൂളിവാല എന്ന കഥയോട് ജനങ്ങൾക്കിടയിൽ വ്യത്യസ്ത പ്രതികരണങ്ങൾ ഉണ്ടാകാമെന്ന വസ്തുത പഠിതാക്കൾക്ക് വ്യക്തമാകുന്നു. |
| ഒന്നിൽ കൂടുതൽ പ്രകടിത രൂപങ്ങൾ | പ്രക്രിയകൾ വീണ്ടും വീണ്ടും ആവർത്തിക്കുകയും ഓരോ സാഹചര്യത്തെയും, വ്യത്യസ്ത സംഭവങ്ങളും സസ്തനികളുടെ പെരുമാറ്റവുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നതുവഴി പഠിതാക്കൾ പ്രകടിത രൂപങ്ങളിൽ ഉള്ളടങ്ങിയിട്ടുള്ള സാമാന്യ തത്ത്വങ്ങൾ വ്യവച്ഛേദിച്ചറിയുന്നു. | പാഠം, ചിത്രീകരണങ്ങൾ സ്വന്തം വിചിന്തനങ്ങൾ എന്നിവ ഉപയോഗിച്ച് പഠിതാക്കൾ, ഒരേ കഥാപാത്രങ്ങളും കഥാ തന്തുക്കളും തന്നെ പല രീതിയിൽ പ്രകടിതമാകുന്നതെങ്ങനെ എന്നു മനസ്സിലാക്കുന്നു. |
| അധ്യാപികയുടെ പങ്ക് | ജ്ഞാനനിർമിതിപ്രക്രിയയിൽ പഠിതാക്കളെ ചിന്തിക്കാനും അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും പ്രോത്സാഹിപ്പിക്കുന്ന ഒരു സഹായിയുടെ പങ്കാണ് ഇവിടെ അധ്യാപികയ്ക്കുള്ളത്. | |

*NCF - 2005*

വഴി കുട്ടി തന്റെ സ്വത്വം തിരിച്ചറിയുകയും സമൂഹത്തിൽ ഒരു വ്യക്തി എന്ന നിലയിൽ തന്റെ ഇടം കണ്ടെത്തുകയുമാണ് ചെയ്യുന്നത്. 'ഒരു വ്യക്തി' എന്ന നിലയിൽ കുട്ടികളെ അംഗീകരിക്കുന്ന ചുറ്റുപാടുകളിൽ മാത്രമേ ഫലപ്രദമായ പഠനം നടക്കൂ. പഠനത്തെ ഭയം, സംഘർഷം എന്നീ വികാരങ്ങളുമായല്ല മറിച്ച്, ആഹ്ലാദകരമായ സാഹചര്യങ്ങളുമായാണ് ബന്ധപ്പെടുത്തേണ്ടത്.

## 3.2 പഠനവും അറിവും

ചുറ്റുപാടുകളിൽ അനുയോജ്യമായ പരിവർത്തനങ്ങൾ വരുത്തിയും പ്രകൃതിയിൽ നിന്ന് തങ്ങൾക്കാവശ്യമുള്ളത് നിർമിച്ചും മനുഷ്യൻ മറ്റ് ജീവികളിൽ നിന്ന് വ്യത്യസ്തനായി വർത്തിക്കുന്നു. മാത്രമല്ല, മനുഷ്യൻ അറിവിനെ പുനർനിർമിക്കുക കൂടി ചെയ്യുന്നു. എന്നാൽ ഒരു കാര്യത്തെക്കുറിച്ച് കേവലമായ കുറെ വിവരങ്ങൾ മാത്രം ലഭിച്ചാൽ അറിവുണ്ടായി എന്ന് പറയാനാവില്ല. യഥാർഥമായ അറിവ്,

- അധ്വാനത്തിന്റെ അഥവാ പ്രവൃത്തിയുടെ ഉൽപന്നമാണ്
- നിർമിതിയുടെ രീതിശാസ്ത്രമാണ്
- വിമോചനത്തിനുള്ള സാംസ്കാരിക ഉപകരണമാണ്
- ജൈവമായ ഒരു പ്രക്രിയയുടെ ഉൽപന്നമാണ്
- ശേഷികൾ, മനോഭാവം, മൂല്യങ്ങൾ, ധാരണകൾ, നൈപുണികൾ തുടങ്ങിയവയെല്ലാം അടങ്ങിയതാണ്.
- വിവരങ്ങളെ വിജ്ഞാനമാക്കുന്ന പ്രക്രിയയാണ്.

## 3.3 മനഃശാസ്ത്രപരമായ അടിത്തറ

വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതി ചേഷ്ടാവാദം മുന്നോട്ടു വെച്ച ആശയങ്ങളെ പൂർണമായും നിരാകരിക്കുന്നു. ഇതിന് ശേഷം ആവിർഭവിച്ച മനഃശാസ്ത്ര ചിന്താധാരയായ ജ്ഞാതൃസിദ്ധാന്തം പഠനത്തെ സംബന്ധിച്ച് പുതിയ ഉൾക്കാഴ്ചകൾ നൽകിയിട്ടുണ്ട്. എന്നാൽ കുട്ടിയെ ഏകാകിയായ ഗവേഷകയായി കണ്ടുകൊണ്ട് സമൂഹത്തിന് പഠനത്തിലുള്ള സ്വാധീനത്തെ അവഗണിക്കുന്ന ജ്ഞാതൃപരമായ ജ്ഞാനനിർമിതിവാദത്തെ സമകാലിക മനഃശാസ്ത്രം ഫലപ്രദമായി നിരാകരിക്കുന്നുണ്ട്. ഈ പാഠ്യപദ്ധതി സാമൂഹ്യജ്ഞാനനിർമിതിവാദം മുന്നോട്ട് വെക്കുന്ന ആശയങ്ങളിൽ അധിഷ്ഠിതമാണ്.

സാമൂഹ്യജ്ഞാനനിർമിതിവാദം അനുസരിച്ച് അറിവ് ഉത്പാദിപ്പിക്കുന്നത് എങ്ങനെയെന്നും അതിനുള്ള മുന്നുപാധികൾ എന്തെന്നും നോക്കാം. പഠിതാക്കൾ ജന്മനാ ജിജ്ഞാസുക്കളും പ്രതികരണശീലം ഉള്ളവരുമാണ്. എന്നാൽ പഠിതാവിന്റെ മനസ്സ് ഒരു കാര്യത്തിൽ യഥാർഥത്തിൽ തത്പരമാവണമെങ്കിൽ, നിലവിലുള്ള അറിവുകൊണ്ട് പരിഹരിക്കാനാവാത്ത ഒരു പ്രശ്നം ഉയർന്നുവരണം. പഠനത്തിനായുള്ള ആന്തരികമായ പ്രചോദനം അതോടെ ശക്തമാവുന്നു. അതുവരെ നേടിയ മുന്നറിവുകളിൽ പ്രസക്തമായവ പഠിതാവ് പ്രയോജനപ്പെടുത്തുന്നു. ഇതിനകം നൈപുണിയുടെയും പ്രയോഗശേഷിയുടെയും മനോഭാവത്തിന്റെയും രൂപത്തിൽ നേടിയെടുത്തിട്ടുള്ള മറ്റ് സാംസ്കാരിക ഉപകരണങ്ങളിൽ നിന്ന് ആവശ്യമായവ ഉപയോഗപ്പെടുത്തുന്നു (ഭാഷാശേഷി, മറ്റു തരം പ്രതീകങ്ങളുടെ ഉപയോഗം, ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ, റഫറൻസ് പരിശോധന തുടങ്ങിയവ). നിശ്ചിത മേഖലയിൽ തന്നെക്കാൾ കൂടുതൽ അറിവുള്ള ആളുകളുടെ സഹായം തേടുന്നു (ടീച്ചർ, സഹപഠിതാക്കൾ, രക്ഷിതാവ്, മറ്റു വിദഗ്ധർ തുടങ്ങിയവർ). അപഗ്രഥനനിഗമനങ്ങളിലൂടെ പുതിയ അറിവ് നിർമിക്കുന്നു. അറിവിനെ പ്രയോഗിച്ച് ഫലപ്രദമാക്കുന്നു. പുനരനുഭവങ്ങളിലൂടെ പ്രസ്തുത അറിവ് ബലപ്പെട്ട് ആർജിതജ്ഞാനത്തിന്റെ ഭാഗമാവുന്നു. പുതിയ പ്രശ്നം ഉയർന്നുവരുമ്പോൾ വികസനത്തിന്റെ തൊട്ടടുത്ത മണ്ഡലത്തിലേക്ക് കുട്ടിയുടെ മനസ്സ് പ്രവേശിക്കുന്നു.

ഇത്തരത്തിലുള്ള വിജ്ഞാനനിർമാണം ഫലപ്രദമാകണമെങ്കിൽ,

- ചോദ്യങ്ങൾ ഉയരുംവിധം സർഗാത്മകവും ജനാധിപത്യപരവുമായി ക്ലാസ്മുറി മാറണം
- ജ്ഞാനനിർമാണ പ്രക്രിയയിലൂടെ പഠിതാവ് ഇതിനകം പലവട്ടം കടന്നു പോയിരിക്കണം
- പ്രശ്നപരിഹരണത്തിനുള്ള ആസൂത്രണത്തിന് അവസരം നൽകിയിരിക്കണം
- പഠനോപകരണങ്ങൾ, സഹായകസാമഗ്രികൾ തുടങ്ങിയവ പഠിതാവിന് കിട്ടാവുന്നിടങ്ങളിൽ (സ്ക്കൂൾ, വീട് .....) ഉണ്ടായിരിക്കണം.
- ഭാഷയെ ഒരു പഠനോപാധി എന്ന നിലയിൽ ഉപയോഗിക്കാൻ (അതത് തലമനുസരിച്ച്) വേണ്ട ശേഷി നേടിയിരിക്കണം.
- ടീച്ചർ ഏറ്റവും വിശ്വസ്തയായ സഹായിയായി പഠിതാവിന് ഒപ്പം ഉണ്ടാവണം.

സാമൂഹികതലത്തിൽ ആശയനിർമാണം നടത്തിയതുകൊണ്ടുമാത്രം കുട്ടിയുടെ ജീവിതാവസ്ഥയോട് നീതിപുലർത്താനാവില്ല. വിദ്യാഭ്യാസം സാമൂഹിക പ്രക്രിയയാകയാൽ സമൂഹത്തിൽ നിലനിൽക്കുന്ന സംഘർഷങ്ങൾ വിദ്യാഭ്യാസത്തെയും ബാധിക്കും എന്ന തിരിച്ചറിവും ആവശ്യമാണ്. നിലനിൽക്കുന്ന സംഘർഷങ്ങളെയും അതുവഴിയുണ്ടാകുന്ന ജ്ഞാനസമ്പാദനത്തിലെ വൈപരീത്യങ്ങളെയും ആദർശ ക്ലാസ്മുറികൾ കൊണ്ട് മാത്രം മറികടക്കാൻ കഴിയില്ല. സമൂഹസംഘർഷങ്ങളുടെ ഉറവിടങ്ങളെ തിരിച്ചറിയാനും അവയെ മറികടക്കാനും വിമർശനാത്മകമായ അപഗ്രഥനശേഷി അത്യാവശ്യമാണ് എന്ന് വിമർശനാത്മകബോധനശാസ്ത്രം ഉദ്ബോധിപ്പിക്കുന്നു. വിമർശനാത്മകപഠനം അനുവർത്തിക്കുക വഴി കുട്ടി ജ്ഞാനം നിർമിക്കുക മാത്രമല്ല നിലവിലുള്ള ജ്ഞാനത്തിന്റെ പരിമിതികളെ മറികടക്കാനും പഠിക്കുന്നു എന്ന ആശയത്തിന് നിർദിഷ്ട പാഠ്യപദ്ധതി അടിവരയിടുന്നു. മാത്രമല്ല, പഠനത്തെയും അറിവിനെയും സംബന്ധിച്ച് ആധുനിക നാഡിമനഃശാസ്ത്ര ഗവേഷകർ അവതരിപ്പിച്ച കണ്ടെത്തലുകളും ബുദ്ധിയുടെ ബഹുമുഖങ്ങളെ സംബന്ധിച്ച നവീനമായ വീക്ഷണങ്ങളും ഈ പാഠ്യപദ്ധതിയെ ഗുണകരമായി സ്വാധീനിക്കുന്നു.

## 3.4 ഗുണനിലവാരവും അറിവിന്റെ പ്രയോഗവും

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് 1997ൽ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയത്. പക്ഷേ, ഗുണമേന്മ എന്നത് എന്താണെന്ന് കൃത്യമായി നിർവചിക്കുന്നതിൽ അന്ന് നാം വിജയിച്ചില്ല. പ്രക്രിയാധിഷ്ഠിത ബോധനത്തിന്റെ ഭാഗമായി നേടുന്ന ശേഷികളുടെയും നൈപുണികളുടെയും ആകത്തുകയായാണ് ഗുണമേന്മയെ വീക്ഷിച്ചത്. മാത്രമല്ല, ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ഭൗതികസൗകര്യങ്ങൾ, അധ്യാപകരുടെ നിലവാരം, വിദ്യാഭ്യാസത്തിന്റെ സാമൂഹിക ലക്ഷ്യങ്ങൾ എന്നിവയ്ക്ക് അന്ന് വേണ്ടത്ര ഊന്നൽ ലഭിച്ചില്ല. അതിനാൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെക്കുറിച്ചുള്ള നിർവചനങ്ങളും സമൂഹം ഗുണമേന്മയെക്കുറിച്ച് വളർത്തിക്കൊണ്ടുവന്ന വിവിധ സങ്കൽപങ്ങളും തമ്മിലുള്ള പൊരുത്തക്കേട് പ്രത്യക്ഷപ്പെട്ടുതുടങ്ങി. സമൂഹത്തിലെ അധഃകൃതർ ഗുണമേന്മയെ അതിജീവനത്തിന്റെയും ഉപജീവനത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ ഉപരിവർഗം അവർക്ക് സാധ്യമായ വ്യക്തിഗതനേട്ടങ്ങളെ ആധാരമാക്കിയാണ് അളന്നത്. ഈ വൈരുധ്യത്തെ ശരിയായി വിശകലനം ചെയ്യാനും ശക്തമായ നിലപാടുകൾ സ്വീകരിക്കാനും അന്നു കഴിഞ്ഞിരുന്നില്ല.

ഭാവികേരളത്തെ കുറിച്ചുള്ള വികസനസങ്കൽപത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹികമായ ആഗ്രഹാഭിലാഷങ്ങൾ നിറവേറാൻ സഹായിക്കുന്ന വിദ്യാഭ്യാസം തന്നെയാവണം പാഠ്യ

പദ്ധതി പരിഷ്കാരത്തിന്റെ ലക്ഷ്യം. ഇവിടെ ഗുണനിലവാരം വസ്തുനിഷ്ഠ മാണ്. പഠിതാവ് ഓരോ ഘട്ടത്തിലും നിർമിക്കേണ്ട ജ്ഞാനത്തിന്റെ സൂചക മാണ്. പഠിതാവിന്റെ ആന്തരികമായ കഴി വുകളും പ്രകൃതവും തന്നെയാണ് ഗുണ നിലവാരത്തിന്റെ വളർച്ചയെ നിയന്ത്രി ക്കുന്നത്. പഠിതാവ് ജീവിക്കുന്ന പരി സരം ഗുണനിലവാരത്തിന് ആത്മനിഷ്ഠ സാഹചര്യം കൂടി ചേർക്കുന്നു. പഠിതാവ് ജീവിക്കുന്ന പരിസരം ആന്തരികമായ കഴിവുകൾ വളരുന്ന സാംസ്കാരിക സാഹചര്യം രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇവിടെയാണ് അധീശരും കീഴാളരും ജാതിയും മതവും ആചാരവി ശ്വാസങ്ങളും ആഗ്രഹാഭിലാഷങ്ങളും എല്ലാം നിലനിൽക്കുന്നത്. ഇവയുമായി സംവദിച്ചുകൊണ്ടാണ് ആന്തരികമായ കഴിവുകൾ ശേഷികളും നൈപുണികളു മായി രൂപപ്പെടുന്നത്. വിദ്യാലയജീവിതം കഴിഞ്ഞ് പഠിതാവ് തിരിച്ചുപോകുന്നതും ഇതേ സമൂഹത്തിലേക്കാണ്. പഠിതാവ് നിർമിക്കുന്ന ജ്ഞാനത്തെ സമൂഹ ത്തിലെ പ്രയോഗതലവുമായി പൊരുത്ത പ്പെടുത്താനുള്ള ഒരു പാഠ്യപദ്ധതിയുടെ കഴിവിലാണ് ഗുണനിലവാരം കുടികൊള്ളുന്നത്. ഈ പൊരുത്തപ്പെടലിനെ സംബന്ധിച്ച വികൃ തമായ വ്യാഖ്യാനങ്ങളാണ് ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന സാമാന്യബോധത്തിന്റെ ഉള്ള ടക്കം. വിദ്യാഭ്യാസം എൻട്രൻസ് പരീക്ഷകൾക്കും തൊഴിലിനുമുള്ള പരിശീലനമായും ഉന്നത വിദ്യാഭ്യാസത്തിനുള്ള തയാറെടുപ്പായും മാത്രം കാണുന്ന രീതികൾ ഇതിന്റെ ഉദാഹരണങ്ങ ളാണ്. മാറുന്ന സമൂഹത്തിന്റെ താൽക്കാലികമായ ആവശ്യത്തിന് അനുസരിച്ച് ജ്ഞാനനിർമിതി പരിമിതപ്പെടണം എന്നും അധീശശക്തികൾ അംഗീകരിക്കാത്ത ജ്ഞാനരൂപങ്ങൾ വിദ്യാഭ്യാ സത്തിൽ നിന്ന് പുറത്താക്കപ്പെടണം എന്നുമുള്ള ലളിതവും അതേ സമയം സങ്കുചിതവുമായ കാഴ്ചപ്പാടാണ് ഈ സാമാന്യബോധത്തിന്റെ അടിത്തറ. കട്ടിലിന് അനുസരിച്ച് പഠിതാവിന്റെ കാലുമുറിക്കണമെന്ന് സാരം. പഠിതാവിന്റെ കഴിവുകളും സാധ്യതകളും ഉണ്മയും അവഹേളി ക്കപ്പെടുന്ന തത്ത്വശാസ്ത്രമാണിത്. ഒരു ന്യൂനപക്ഷത്തിന്റെ ആവശ്യങ്ങളിലൂടെ ഭൂരിപക്ഷത്തെ നടത്തിക്കുകയും ഒടുവിൽ അടിച്ചുപുറത്താക്കുകയും ചെയ്യുന്ന പ്രക്രിയയാണിത്.

> *കുട്ടികൾക്കായി ഒരുക്കുന്ന അനുഭവങ്ങളിൽ അടങ്ങിയിട്ടുള്ള അറിവുകളുടെയും ശേഷികളുടെയും അടിസ്ഥാനത്തിൽ ഗുണ നിലവാരം പരിശോധിക്കേണ്ടതുണ്ട്. അറിവിന്റെ സ്വഭാവ ത്തെയും, കുട്ടിയുടെ തന്നെ സ്വഭാവത്തെയും കുറിച്ചുള്ള ധാര ണകൾ, സ്കൂളിലെ പൊതു അന്തരീക്ഷത്തെയും (ethos), സിലബസും പാഠപുസ്തകങ്ങളും തയ്യാറാക്കുന്നവരുടെയും അധ്യാപകരുടെയും സമീപനത്തെയും സ്വാധീനിക്കുന്നു. മാനവ സമൂഹവും നമ്മുടെ രാജ്യവും ഇന്നു നേരിടുന്ന വെല്ലു വിളുകളുടെ പശ്ചാത്തലത്തിൽ വേണം പാഠപുസ്തകങ്ങ ളിലും മറ്റു സമഗ്രികളിലും അറിവ് ക്രമീകരിക്കുവാൻ. ഈ ഉത്കണ്ഠയിൽ നിന്ന് സ്വതന്ത്രമായ ഒരു പാഠ്യവിഷയവുമി ല്ല. അതിനാൽ സാമൂഹിക സാമ്പത്തിക സാംസ്കാരിക പരി തസ്ഥിതികളും ലക്ഷ്യങ്ങളും കണക്കിലെടുത്തുകൊണ്ടു വേണം ഓരോ വിഷയത്തിലും നൽകേണ്ട അറിവ് തീരുമാ നിക്കുവാൻ. പങ്കാളിത്ത ജനാധിപത്യവും ഭരണഘടനയിൽ നിഹിതമായ മൂല്യങ്ങളും എങ്ങനെ ശക്തിപ്പെടുത്താമെന്ന താണ് വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ ദേശീയ വെല്ലു വിളി. ഈ വെല്ലുവിളി നേരിടണമെങ്കിൽ ഗുണനിലവാര ത്തെയും സാമൂഹ്യ നീതിയെയും പാഠ്യപദ്ധതി പരിഷ്കരണ ത്തിന്റെ മർമ സ്ഥാനത്ത് പ്രതിഷ്ഠിക്കണം. പൗരത്വ പരിശീ ലനം, ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ഘട കമായിരുന്നു. സാർവ്വത്രിക മനുഷ്യാവകാശങ്ങളെക്കുറിച്ചും വിമർശനാത്മക ബോധന തന്ത്രങ്ങളെ കുറിച്ചും ഇന്നു നട ക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇതിനെ സധൈര്യം പുനഃരാവിഷ്കരിക്കേണ്ടതുണ്ട്. സമാധാനവും സാഹോദര്യ ത്തോടു കൂടിയ സഹവർത്തിത്വവും ആയി ബന്ധപ്പെട്ടമൂല്യ ങ്ങളിലേക്ക് വ്യക്തമായ ചായ്‌വ് ഉണ്ടാകേണ്ടതാണ്. വിദ്യാ ഭ്യാസത്തിന്റെ ഗുണനിലവാരം എന്നാൽ, അതിൽ ജീവിത ഗുണതയുടെ എല്ലാ വശങ്ങളിലുമുള്ള താൽപര്യവും അട ങ്ങുന്നു. അതുകൊണ്ടു തന്നെയാണ് സമാധാനത്തോടുള്ള താൽപര്യം, പരിസ്ഥിതി സംരക്ഷണം സാമൂഹിക മാറ്റത്തി നുള്ള മനഃസ്ഥിതി എന്നിവയെ വെറും മൂല്യങ്ങൾ മാത്രമ ല്ലാതെ ഗുണനിലവാരത്തിന്റെ മർമ്മം കൂടിയായി കാണേണ്ടത്.*
>
> *NCF - 2005*

വിമർശനാധിഷ്ഠിതമായ പഠനരീതി ഗുണനിലവാരവും സാമൂഹികാഭിലാഷങ്ങളും തമ്മി ലുള്ള പൊരുത്തക്കേട് പരിഹരിക്കാനുള്ള മറ്റൊരു സമീപനം മുന്നോട്ടുവെക്കുന്നു. പഠിതാ വിന്റെ ജ്ഞാനനിർമിതി തന്നെ സമൂഹവുമായും അതിന്റെ വൈരുധ്യങ്ങളുമായുമുള്ള സ്ഥിര

മായ സംവാദമാക്കി മാറ്റുന്നതാണ് ആ രീതി. ഇതനുസരിച്ച് പഠിതാവ് സമൂഹത്തിൽ ബോധ പൂർവമായി ഇടപെടുന്നു. അവയുടെ അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തുന്നതിനും ക്രോഡീകരിക്കുന്നതിനും അപഗ്രഥിക്കുന്നതിനും നിഗമനങ്ങളിലെത്തുന്നതിനുമുള്ള ശേഷികൾ കൈവരിക്കുകയും ചെയ്യുന്നു. ഈ ശേഷികളുടെ അടിസ്ഥാനത്തിൽ വീണ്ടും സമൂഹത്തിൽ ബോധപൂർവം ഇടപെടുന്നതിനുള്ള നൈപുണികൾ ആർജിക്കുന്നു. ഇത്തരത്തിലുള്ള ജ്ഞാനനിർമിതിയെ താഴെ കാണിച്ചിരിക്കുന്ന വിധത്തിൽ സൂചിപ്പിക്കാം.




ഇതനുസരിച്ച്, പലവിധ സാമാന്യബോധങ്ങൾ നിലനിൽക്കുന്ന സമൂഹത്തിന്റെ ഒരു ഭാഗമാണ് പഠിതാവും. കുട്ടിയുടെ ഉള്ളിലുള്ള ഈ സാമാന്യബോധം ശാസ്ത്രീയവും വിമർശശേഷിയുള്ളതുമായ ജ്ഞാതൃബോധമായി പരിവർത്തിക്കുന്ന പ്രക്രിയയാണ് പഠനം. അനുഭവങ്ങൾ ഇതിനു തുടക്കമിടുന്നു. പരീക്ഷണനിരീക്ഷണങ്ങളിലൂടെ വിവരങ്ങൾ സമാഹരിക്കപ്പെടുന്നു. അപഗ്രഥനത്തിലൂടെ തിരിച്ചറിവുകൾ രൂപപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിഗമനങ്ങൾ രൂപീകരിക്കുന്നതോടെ ശേഷികളും ജ്ഞാനവും രൂപപ്പെടുന്നു. ഇവയുടെ സാധ്യത പല രീതിയിൽ ഉറപ്പുവരുത്തി പ്രയോഗസന്നദ്ധമാക്കുന്നു. പ്രയോഗിച്ചുറപ്പിക്കുന്നതോടെ ജ്ഞാനം ശാസ്ത്രീയവും സക്രിയവുമായ ജ്ഞാതൃബോധമായി പഠിതാവിന്റെ ഉള്ളിൽ ഉറപ്പിക്കപ്പെടുന്നു. ഇതോടെ അറിവിന്റെയും പ്രയോഗശേഷിയുടെയും വിമർശനാവബോധത്തിന്റെയും കാര്യത്തിൽ പഠിതാവ് ഉയർന്ന ഒരു തലത്തിലെത്തുന്നു. ഈ പുതിയ തലത്തിൽ നിന്നുകൊണ്ടാവും ആ തലത്തിൽ കൈകാര്യം ചെയ്യപ്പെടേണ്ട മറ്റു ചില സാമാന്യബോധങ്ങളുമായി പഠിതാവ് സംഘർഷത്തിൽ ഏർപ്പെടുക. അതായത്, തന്നെയും

തന്റെ ജീവിതപരിസരത്തെയും പഠിതാവ് വീണ്ടും വീണ്ടും പരിശോധിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം നിർമാണത്തിന്റെയും പരിവർത്തനത്തിന്റെയും തുടർച്ചയായ പ്രക്രിയയാവുന്നത് ഇങ്ങനെയാണ്.

ചുരുക്കത്തിൽ മുൻകാണിച്ച ചക്രത്തിൽ ജ്ഞാതൃബോധം പുതിയ ചക്രങ്ങൾക്ക് തുടക്കമിടുകയും ഇത്തരത്തിൽ ജ്ഞാനനിർമിതി സ്പൈറലായി പുരോഗമിക്കുകയും ചെയ്യുന്നു.

ഈ പ്രക്രിയ വിമർശനാധിഷ്ഠിതമായി പുരോഗമിക്കുമ്പോൾ സമൂഹജീവിതത്തെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും വ്യക്തമായ അവബോധം നേടുന്നതു കൂടാതെ അവയിൽ ഇടപെടുന്നതിനുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ ശക്തിയും പഠിതാവ് ആർജിക്കുന്നു. ഈ ശക്തിയുടെ പ്രയോഗത്തിൽ പഠിതാവിന്റെ മുമ്പിൽ ഒട്ടേറെ സാധ്യതകൾ തെളിഞ്ഞുവരും. അതിൽ ഏതു വേണമെന്ന് പഠിതാവ് തീരുമാനിക്കുന്നത് അഭിരുചിയുടെ അടിസ്ഥാനത്തിലാണ്. ആന്തരികമായ കഴിവുകളും സാമൂഹിക പരിസരവും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിൽ പഠിതാവ് പ്രദർശിപ്പിക്കുന്ന സവിശേഷ താൽപര്യമാണ് അഭിരുചിയായി കണക്കാക്കേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിൽ എത്തിച്ചേരേണ്ട സ്ഥാനം സ്വയം കണ്ടെത്താനും അതിന് ആവശ്യമായ അറിവുകളും നൈപുണികളും ആർജിക്കാനും പഠിതാവിന് കഴിയുന്നു.

**വിമർശനാത്മക ബോധനം**

*ക്ലാസ് റൂമിൽ ടീച്ചറും വിദ്യാർത്ഥിയും തമ്മിലുള്ള പരസ്പര പ്രവർത്തനം നിർണായകമാണ്. കാരണം കുട്ടിയ്ക്ക് സ്കൂളിൽ കിട്ടുന്ന അറിവിന്റെ ഭാഗമായി മാറുന്നത് ആരുടെ അറിവാണെന്നുള്ളതും, ആരുടെ ശബ്ദങ്ങളാണ് അത് രൂപപ്പെടുത്തുന്നതെന്നും പ്രാധാന്യമുള്ളതാണ്. തങ്ങൾക്കു വേണ്ടി മുതിർന്നവർ പരിഹാരം കാണേണ്ടകുട്ടികളല്ല വിദ്യർത്ഥികൾ. തങ്ങളുടെ അവസ്ഥയും ആവശ്യങ്ങളും വിമർശന ബുദ്ധ്യാ നിരീക്ഷിക്കുന്നവരാണവർ. തങ്ങളുടെ വിദ്യാഭ്യാസവും ഭാവിയിലെ അവസരങ്ങളും സംബന്ധിച്ച പ്രശ്ന പരിഹാര ചർച്ചയിൽ അവരും പങ്കാളികളാകണം. തങ്ങളുടെ അനുഭവങ്ങളും കാഴ്ചപ്പാടുകളും പ്രധാനങ്ങളാണെന്ന് കുട്ടികൾ തിരിച്ചറിയണം. സ്വതന്ത്രമായി ചിന്തിക്കാനും വിയോജിക്കാൻ വേണ്ട ധൈര്യമുണ്ടാക്കാനും ആവശ്യമായ മാനസികമായ കഴിവ് വികസിപ്പിക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം. കുട്ടികൾ സ്കൂളിൽ നിന്ന് എന്തു പഠിക്കുന്നു- കഴിവുകൾ, പഠന ശേഷികൾ, അറിവിന്റേതായ അടിത്തറ- എന്നതും അവർ സ്കൂളുകളിലേയ്ക്ക് എന്തുകൊണ്ടു വരുന്നു എന്നതും പഠന പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് ആവശ്യമാണ്. പിന്നോക്ക വിഭാഗത്തിൽ നിന്നും വരുന്ന കുട്ടികളെ, പ്രത്യേകിച്ചും പെൺകുട്ടികളെ, സംബന്ധിച്ചിടത്തോളം ഇത് കൂടുതൽ നിർണായകമാണ്. കാരണം, അവരുടെ ലോകവും അതിന്റെ യാഥാർത്ഥ്യങ്ങളും സ്കൂൾ അറിവിൽ വേണ്ടത്ര ഉൾക്കൊള്ളിക്കപ്പെടാറില്ല.*

*NCF - 2005*

സൈദ്ധാന്തികതലത്തിൽ അവതരിപ്പിച്ച ഈ ആശയം നടപ്പിൽ വരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്:

1. വിദ്യാലയം നിലനിൽക്കുന്ന സാമൂഹിക സാഹചര്യം
2. വിദ്യാലയാന്തരീക്ഷവും ഭൗതികസാഹചര്യങ്ങളും
3. പഠനസാമഗ്രികളും അധ്യാപകരും.

കേരളത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ സാമൂഹിക സാഹചര്യങ്ങളിലും ഇന്ന് വിദ്യാലയങ്ങളുണ്ട്. പക്ഷേ, സമൂഹവും വിദ്യാലയങ്ങളും തമ്മിലുള്ള സമ്പർക്കവും പഠിതാക്കളുടെ അനുഭവങ്ങൾ സമഗ്രമാവുന്നതിനുള്ള സാഹചര്യങ്ങളും പൂർണമായി എന്നു പറഞ്ഞുകൂടാ. ക്ലാസ് മുറിക്കു പുറത്ത് പഠിതാക്കൾക്കു ലഭിക്കേണ്ട അനുഭവങ്ങളെ യാഥാർഥ്യമാക്കുന്നതിനുള്ള സാഹചര്യം ഇന്നുമില്ല. പഠിതാവിന്റെ അനുഭവതലങ്ങളെക്കുറിച്ച് അധ്യാപകർക്കും വിദ്യാലയത്തിന് പൊതുവെയും ധാരണകൾ നൽകുന്ന സംവിധാനങ്ങളും വികസിച്ചിട്ടില്ല. ഇന്നും രക്ഷാകർത്തൃസമിതികൾ വിദ്യാലയങ്ങളിൽ യാന്ത്രികമായി വിളിച്ചുചേർക്കുന്നവ മാത്രമാണ്.

പഠനപ്രക്രിയയുടെ ആദ്യഘട്ടം പഠിതാവ് കൈവരിച്ച അനുഭവങ്ങളുടെ മൊത്തം ചിത്രം വിദ്യാലയങ്ങളിൽ രേഖപ്പെടുത്തുകയാണ്. ജ്ഞാനനിർമിതി നടക്കുന്ന എല്ലാ ഘട്ടങ്ങളിലും പഠിതാവിന്റെ അനുഭവതലത്തിന്റെ ചിത്രം രേഖപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയണം. എന്നാൽ മാത്രമേ ജ്ഞാനനിർമിതിയുടെ അളവും പ്രായോഗികസാധ്യതകളും കൃത്യമായി വിലയിരുത്താൻ കഴിയൂ. ഒപ്പം കുട്ടിയുടെ പഠനത്തിൽ രക്ഷാകർത്താവിനുള്ള പങ്കും കൃത്യമായി വിശദീകരിക്കപ്പെടണം. ഇടപെടൽ ശേഷി കൈവരിക്കാൻ രക്ഷിതാവിനെ തുടർച്ചയായി സഹായിക്കണം. ഇതിന് രക്ഷാകർത്തൃസമിതികൾ ഘടനാപരമായിത്തന്നെ വിദ്യാലയങ്ങളുടെ ഭാഗമാകണം. പ്രാദേശിക ഭരണസംവിധാനങ്ങൾ ഈ ബന്ധത്തിന്റെ പ്രധാന ചാലകശക്തികളായി മാറിയാലേ ഇത് സാധ്യമാവൂ.

രണ്ടാമത്തെ തലം വിദ്യാലയാന്തരീക്ഷവും സൗകര്യങ്ങളുമാണ്. ഏതു സാഹചര്യത്തിലും ജ്ഞാനനിർമിതി നടത്താൻ പഠിതാവിന് സാധിക്കും എന്ന വിശ്വാസം അശാസ്ത്രീയമാണ്. ഈ അശാസ്ത്രീയതയാണ് ആദിവാസികളെയും ദളിതരെയും തീരപ്രദേശവാസികളെയും ഇന്ന് പുറകിൽ നിർത്തുന്നത്. സമൂഹനൈപുണികൾ നേടുന്നതിൽ നിന്ന് സ്ത്രീ പഠിതാക്കളെ പിന്തിരിപ്പിക്കുന്നതും അതുതന്നെയാണ്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ വ്യത്യസ്തമായ അനുഭവങ്ങളെ നിരീക്ഷണ പരീക്ഷണങ്ങളിലൂടെയും സംവാദങ്ങളിലൂടെയും വിശകലനം ചെയ്ത്, ശേഷികളും നൈപുണികളും കൈവരിക്കാനുള്ള അരങ്ങുകളാണ് വിദ്യാലയങ്ങൾ. ഇത് നൽകാനുള്ള അന്തരീക്ഷം വിദ്യാലയങ്ങളിലുണ്ടാകണം. ക്ലാസ് മുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ, സെമിനാർ മുറികൾ, തൊഴിൽശാലകൾ, കളിസ്ഥലങ്ങൾ, കലാമണ്ഡപങ്ങൾ തുടങ്ങിയവ സ്കൂളുകളിൽ വേണം. ജ്ഞാനനിർമിതിയുടെ എല്ലാ തലവും പൂർണമാക്കേണ്ട ചുമതല സ്കൂളുകളുടേതാണ്. പഠിതാവ് വീട്ടിൽ പോകുന്നത് ഗൃഹ

**ഈച്ചക്കോപ്പികൾ നിലനിൽക്കുന്നതെന്തുകൊണ്ട്?**

*ദളിതരും ആദിവാസികളും അടങ്ങുന്ന പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള കുട്ടികളെപ്പറ്റി നിലനിൽക്കുന്ന 'ഈച്ചക്കോപ്പി' ധാരണകൾ ഉത്കണ്ഠാജനകമാണ്. ഈ വിഭാഗങ്ങൾ പരമ്പരാഗതമായി വിദ്യാഭ്യാസവും പഠനവും നിഷേധിക്കപ്പെട്ടവരാണ്, നിരക്ഷരരാണ്. പല പഠിതാക്കളെയും ചരിത്രപരമായിത്തന്നെ വിദ്യ അഭ്യസിപ്പിക്കാൻ പറ്റാത്തവർ, വിഷമമുള്ളവർ, മന്ദ പഠിതാക്കൾ, പഠനത്തെ ഭയപ്പെടുന്നവർ എന്നിങ്ങനെ വർഗീകരിച്ച് മുദ്രകുത്താറുണ്ട്. അവർക്ക് കഥകളിലും ഗണിതത്തിലും ശാസ്ത്രത്തിലും താൽപര്യമില്ല എന്ന ധാരണ വ്യാപകമാണ്. ഇതേമാതിരി തന്നെ ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളുള്ള കുട്ടികളെപ്പറ്റിയും പൊതുവായ ധാരണ അവരെ മറ്റുള്ളവരുടെ കൂടെ പഠിപ്പിക്കാൻ കഴിയില്ല എന്നായിരുന്നു. ലിംഗം, ജാതി, ശാരീരികവും ബൗദ്ധികവുമായ വൈകല്യങ്ങൾ എന്നിവയുടെ കൂടപ്പിറപ്പാണ് അസമത്വവും പിന്നോക്കാവസ്ഥയും എന്ന വിശ്വാസമാണ് ഇതിനു പിന്നിലുള്ളത്. ഒറ്റപ്പെട്ട വിജയകഥകൾ ഉണ്ടാകാം. പക്ഷേ, എത്രയോ കൂടുതൽ പേർ തോൽക്കുകയും ഒരു തരത്തിലുള്ള അപകർഷതാബോധത്തെ സ്വാംശീകരിക്കുകയും ചെയ്യുന്നു. എല്ലാ കുട്ടികളെയും ഒരേ പോലെ കാണാൻ അധ്യാപകരെ പരിശീലിപ്പിച്ചുകൊണ്ടല്ലാതെ ഭരണഘടനയിൽ പറയുന്ന തുല്യത എന്ന മൂല്യം സാക്ഷാത്കരിക്കാനാകില്ല. കുട്ടികൾ തങ്ങളോടൊപ്പം സ്കൂളുകളിലേക്ക് കൊണ്ടുവരുന്ന സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ വൈവിധ്യം മനസ്സിലാക്കാനും അവയെ വളർത്താനും അധ്യാപകരെ പരിശീലിപ്പിക്കേണ്ടതുണ്ട്. അനവധി സ്കൂളുകളിൽ ഇപ്പോൾ ഒട്ടുവളരെ ഒന്നാം തലമുറ പഠിതാക്കൾ ഉണ്ട്. ഔപചാരികമായ സ്കൂൾപഠനത്തിന് വീടുകളിൽ പ്രത്യക്ഷമായ സഹായം കിട്ടാത്ത കുട്ടികൾക്കുവേണ്ടി ബോധന തന്ത്രങ്ങൾ പുനരാവിഷ്കരിക്കേണ്ടതുണ്ട്. ഒന്നാം തലമുറ പഠിതാക്കളിൽ വായനശേഷിയും ശീലവും വളർത്തുന്നതിനും എഴുതാനുള്ള കഴിവ് ആർജിക്കുന്നതിനും സ്കൂളിലെ ഭാഷയും സംസ്കാരവുമായി പരിചയപ്പെടുന്നതിനും പ്രത്യേകിച്ച് വീട്ടിലെ ഭാഷ സ്കൂളിലേതിൽ നിന്ന് വ്യത്യസ്തമായിരിക്കെ പൂർണമായും സ്കൂളിനെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നു. ഗൃഹപാഠങ്ങൾക്ക് ഒരു തരത്തിലുള്ള സഹായവും കുട്ടികൾക്ക് കിട്ടുന്നതല്ല. അവർക്ക് പരമാവധി സഹായം നൽകേണ്ടതുണ്ട്. പല കുട്ടികളുടെയും ഗൃഹാന്തരീക്ഷം ദ്രോഹകരം തന്നെയായിരിക്കാം. ഫലമോ, കൃത്യതയില്ലായ്മ, സമയനിഷ്ഠയില്ലായ്മ, ക്ലാസിൽ ശ്രദ്ധയില്ലായ്മ ഇതിനൊക്കെ അതു കാരണമാകാം. അതിനാൽ ഇത്തരത്തിലുള്ള പരിമിതികളിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനും ഈ സാഹചര്യങ്ങളോട് സംവദിക്കുന്ന പാഠ്യപദ്ധതി രൂപകൽപ്പന ചെയ്യുന്നതിനും വ്യത്യസ്ത മേഖലകളിൽ നിന്ന് സഹായം സമാഹരിക്കേണ്ടിവരും.*

*NCF - 2005*

പാഠങ്ങൾ ചെയ്യാനാണെന്നുള്ള ധാരണ ഉപേക്ഷിക്കണം. അതിനു പകരം അടുത്ത ജ്ഞാന രൂപം ആർജിക്കുന്നതിന് ആധാരമാവേണ്ട അനുഭവതലം വളർത്തുന്നതിന് മാത്രമാണ് പഠിതാവ് ശ്രമിക്കേണ്ടത്. അതായത്, സമൂഹ ജീവിതത്തിൽ കുട്ടികൾക്ക് കഴിയാവുന്നത്ര സ്വതന്ത്രമായി ഇടപെടുന്നതിനുള്ള സൗകര്യമാണ് വിദ്യാലയങ്ങൾക്ക് പുറത്ത് ഒരുക്കേണ്ടത്. ജ്ഞാന നിർമിതി നടത്തുന്നതിനാവശ്യമായത്ര സമയം വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിക്കണം. രാവിലെ മുതൽ ഉച്ച വരെ ക്രമീകൃതപ്രവർത്തനങ്ങൾക്കും ഉച്ചയ്ക്ക് ശേഷം പഠിതാവിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള സ്വതന്ത്രപ്രവർത്തനങ്ങൾക്കും സ്കൂളിൽ സൗകര്യമുണ്ടാവണം. ചുരുക്കത്തിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ വിദ്യാലയം പഠനപ്രവർത്തനങ്ങൾക്കായി ലഭ്യമാവും.

മൂന്നാമത്തെ തലം, പാഠപുസ്തകങ്ങളും അധ്യാപകരുമാണ്. പാഠപുസ്തകങ്ങൾ പരീക്ഷണ വസ്തുക്കളെപ്പോലെതന്നെയാണ്. പശ്ചാത്തലസൗകര്യങ്ങൾ കുറഞ്ഞ കുട്ടികൾ വിവരങ്ങൾ തേടി അലയുന്ന സ്ഥിതി അവരെ പിന്നോക്കം നയിക്കും. പഠിതാവിനെ ജ്ഞാനനിർമിതിയിലേക്ക് നയിക്കുന്ന എല്ലാ വിവരങ്ങളും പാഠപുസ്തകങ്ങൾക്ക് നൽകാൻ കഴിയണം. അതേസമയം ക്രോഡീകരണം, അപഗ്രഥനം, നിഗമനം, പരിശോധന, പ്രയോഗരൂപങ്ങൾ തുടങ്ങിയവ നടത്താൻ പഠിതാവിനെ പാഠപുസ്തകങ്ങൾ സഹായിക്കുകയും ചെയ്യണം. പാഠപുസ്തകങ്ങൾ ജ്ഞാനരൂപമല്ല. ജ്ഞാനരൂപത്തിലേക്കുള്ള ചൂണ്ടുപലക മാത്രമാണ്. ഈ ചൂണ്ടുപലക നൽകുന്ന ദിശയിലൂടെ പഠിതാവിനെ മുന്നോട്ടു കൊണ്ടുപോകുന്ന മാർഗനിർദേശങ്ങൾ നൽകാനുള്ള ചുമതല അധ്യാപകർക്കാണ്. അധ്യാപകർ വെറും പ്രചോദകർ മാത്രമല്ല, വഴികാട്ടികൾ കൂടിയാണ് എന്നർഥം. പഠനപ്രവർത്തനത്തെ ഫലപ്രാപ്തിയിലെത്തിക്കാൻ അധ്യാപകർക്കു കുറേക്കൂടി ഉത്തരവാദിത്വമുണ്ട്. പാഠപുസ്തകങ്ങൾ യാന്ത്രികമായി മനപ്പാഠമാക്കുന്ന കുട്ടി നാൽക്കവലയിൽ നിൽക്കുകയേ ഉള്ളൂ. വഴികാട്ടികളാകട്ടെ പലവഴികളിലൂടെയും സഞ്ചരിച്ച് ഏതാണ് കൃത്യമായ വഴിയെന്ന് സ്വയം ബോധ്യപ്പെട്ടവരാകണം. അതിനോടൊപ്പം അധ്യാപകർ സഞ്ചരിക്കാത്ത വഴികളിലൂടെ പഠിതാവ് സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്തെത്തിച്ചേർന്നാൽ അതിനെ അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള ആർജവവും അധ്യാപകർക്കുണ്ടാകണം.

വിമർശനാധിഷ്ഠിത ബോധനം സ്വതന്ത്രമായ പ്രക്രിയയാണ്. അധ്യാപകരുടെ സ്വാനുഭവങ്ങളും മുൻധാരണകളും ഈ പ്രക്രിയയ്ക്ക് വിലങ്ങുതടിയാകരുത്. ഈ പ്രക്രിയയുടെ അടിസ്ഥാനം കോച്ചിങ് അല്ല. വ്യത്യസ്തമായ വഴിത്താരകൾ പരിചയപ്പെടുത്തുന്നതു വഴി പഠിതാവിന്റെ അറിവും ശേഷിയും നൈപുണിയും സന്നദ്ധതയുമെല്ലാം ഒരു പോലെ വർധിപ്പിക്കുന്നു. വിവരങ്ങളിൽ നിന്ന് ആശയങ്ങളിലേക്കു നീങ്ങുന്ന പഠിതാവ് ലളിതത്തിൽ നിന്ന് സങ്കീർണത്തിലേക്കും, ഉദ്ഗ്രഥിത രൂപങ്ങളിൽ നിന്ന് സവിശേഷ രൂപങ്ങളിലേക്കും മൂർത്തത്തിൽ നിന്ന് അമൂർത്തത്തിലേക്കും നീങ്ങുന്നുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ പുരോഗമന സ്വഭാവമുള്ള ചാക്രിക വ്യവസ്ഥ (പ്രോഗ്രസീവ് സ്പൈറലിങ്) ആകണം വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളെ തീരുമാനിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഘട്ടസങ്കൽപം പരിഗണിക്കേണ്ടിയിരിക്കുന്നു. (*പട്ടിക നോക്കുക*)

ജ്ഞാനതലത്തെയും പ്രയോഗതലത്തെയും പരസ്പരം ബന്ധിപ്പിച്ചു മുന്നോട്ടു പോകുന്ന ചാക്രികഘടനയിൽ വിവരശേഖരണം മുതൽ പ്രയോഗം വരെയുള്ള ഘട്ടങ്ങൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലുമുണ്ടാവും. പൂവുകളുടെയും പൂമ്പാറ്റകളുടെയും സവിശേഷതകളിൽ അത്ഭുതം കൂറുന്ന പ്രീപ്രൈമറി-ലോവർ പ്രൈമറി ഘട്ടങ്ങളിൽ പോലും ഓരോ പഠനാനുഭവത്തിന്റെയും ഒടുവിൽ ചില കണ്ടെത്തലുകൾ ഉണ്ടാവും. എന്നാൽ

*പട്ടിക*

| പഠിതാവ് | വിദ്യാലയഘട്ടം | പ്രവർത്തനതലം | സമൂഹം |
|---|---|---|---|
| പ്രാഥമികാനുഭവതലം | പ്രീ-പ്രൈമറി | സമൂഹവൽകരണം | സമൂഹത്തിന്റെ മേൽനോട്ടം |
| | ലോവർ പ്രൈമറി | പ്രാഥമിക നിരീക്ഷണപരീക്ഷണങ്ങൾ, അവതരണത്തിനുള്ള ഉപാധികൾ (സാക്ഷരത, സംഖ്യാബോധം മുതലായവ) | |
| ക്രോഡീകരണതലം | അപ്പർ പ്രൈമറി | വിവരശേഖരണം, ക്രോഡീകരണം, പ്രാഥമിക അപഗ്രഥന നിഗമനതലങ്ങൾ | സമൂഹവുമായുള്ള പാരസ്പര്യം |
| അപഗ്രഥന നിഗമന തലം | സെക്കൻഡറി | അപഗ്രഥനം, നിഗമനം, പരികൽപനകൾ, അമൂർത്തരൂപങ്ങൾ, ഭാവന, അഭിരുചി, പ്രയോഗശേഷി, മൂല്യബോധം, നീതിബോധം, ലിംഗസൗഹൃദം, ജനാധിപത്യബോധം | സമൂഹത്തിലുള്ള ഇടപെടൽ ശേഷിയുടെ രൂപങ്ങൾ, തൊഴിൽ മേഖലയുമായുള്ള സമ്പർക്കം |
| സവിശേഷ സൈദ്ധാന്തിക പ്രായോഗികതലം | ഹയർ സെക്കൻഡറി | സവിശേഷ മേഖലകൾ, സൈദ്ധാന്തിക, പ്രായോഗിക ശേഷി, ഇടപെടൽ | ജ്ഞാതൃ ബോധത്തോടെയുള്ള തൊഴിൽശേഷി, ഇടപെടൽശേഷി, സമൂഹപരിവർത്തന രൂപങ്ങൾ, വ്യക്തിഗതമായ അഭിവൃദ്ധി |

ഉത്പാദനപ്രക്രിയയിൽ സ്വയം തിരഞ്ഞെടുത്ത ഒരു മേഖലയിൽ ഫലപ്രദമായി ഇടപെടുന്ന ഒരു പൂർണവ്യക്തിത്വത്തെ നിർമിക്കുന്ന ഹയർ സെക്കൻഡറി വരെയുള്ള മൊത്തം ഘട്ടം പരിശോധിക്കുമ്പോൾ, പരിസരത്തിൽ കുട്ടി നടത്തുന്ന പ്രാഥമികമായ പരീക്ഷണനിരീക്ഷണങ്ങൾക്കാവും ഈ ഘട്ടത്തിൽ പ്രാധാന്യം. ഇത്തരം കണ്ടെത്തലുകളെ ആവിഷ്കരിക്കാനുതകുന്ന ചിഹ്നരൂപങ്ങൾ വികസിപ്പിച്ചെടുക്കലും ഈ ഘട്ടത്തിലെ മുഖ്യ ഊന്നലാവും. അപ്പർ പ്രൈമറി ഘട്ടത്തിൽ പ്രാഥമികനിഗമനങ്ങളിൽ എത്തിച്ചേരാനുള്ള കഴിവ് ലക്ഷ്യമാക്കപ്പെടും. സെക്കൻഡറിയെ അമൂർത്തതലത്തിൽ ആശയാവിഷ്കാരങ്ങൾ നടത്താനും സ്വയം തിരിച്ചറിയാനുമുള്ള ഘട്ടമായി പരിഗണിക്കാം. ഹയർ സെക്കൻഡറി തലത്തോടെ സമൂഹത്തിൽ തന്റെ ഇടം എന്ത് എന്ന് തീരുമാനിക്കുവാനുള്ള ശേഷി പഠിതാവിന് കൈവരിക എന്നതിലാവും നമ്മുടെ ശ്രദ്ധ.

ഇതനുസരിച്ച് പഠനപ്രവർത്തനങ്ങളുടെ വ്യാപ്തിയിലും മാറ്റം വരും. പ്രാഥമിക ഘട്ടത്തിൽ കുട്ടിയുടെ വീട്, അയൽപക്കപരിസരം, ക്ലാസ്മുറി എന്നിവയാവും അനുഭവങ്ങളുടെ തലം നിർണയിക്കുക. അപ്പർ പ്രൈമറിയിൽ സ്കൂളും പരിസരവും കൂടുതൽ പ്രസക്തമാവും. സെക്കൻഡറിയോടെ സമൂഹജീവിതത്തിന്റെ വ്യാപ്തിയിലേക്ക് പ്രവർത്തനങ്ങൾ അവരെ പ്രവേശിപ്പിക്കും. ഹയർസെക്കൻഡറിയിൽ തിരഞ്ഞെടുക്കപ്പെട്ട ഇടങ്ങളിലേക്കും അനുഭവങ്ങളിലേക്കും കുട്ടിക്ക് സഞ്ചരിക്കാനാവും. പഠനപ്രവർത്തനങ്ങളുടെ സ്വഭാവത്തിലും ഈയൊരുമാറ്റം ദൃശ്യമാവണം. കേവലനിരീക്ഷണങ്ങളിൽ നിന്ന് അന്വേഷിച്ചറിയുന്നതിലേക്കും തുടർന്ന് അറിഞ്ഞ് ഇടപെടുന്നതിലേക്കും പ്രവർത്തനരൂപങ്ങൾ വഴിമാറുകയും വൈവിധ്യവത്കരിക്കപ്പെടുകയും വേണം.

സമൂഹാഭിലാഷങ്ങളുടെ സാധ്യതകൾ നിലനിർത്തിക്കൊണ്ടുതന്നെ പഠിതാവിന്റെ ജ്ഞാനനിർമിതി ക്രമാനുഗതമായി വളർത്തിക്കൊണ്ടുവരണം പൂർണവ്യക്തികൾ എന്ന നിലയിൽ സമൂഹത്തിന്റെ ഏതു വെല്ലുവിളികളെയും നേരിടാനുള്ള ജ്ഞാതൃതലം അവരിൽ പ്രായോഗികവൽകരിക്കാനും കഴിയണം. ബഹുസാംസ്കാരിക സ്വഭാവമുള്ള സമൂഹത്തിൽ നടത്തുന്ന വിദ്യാലയങ്ങളിൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ അനുഭവങ്ങൾ മാത്രം അടിച്ചേൽപ്പിക്കാൻ പാടുള്ളതല്ല. മതേതര ജനാധിപത്യമൂല്യങ്ങളിൽ അടിയുറച്ചു നിൽക്കുന്ന പൊതുവിദ്യാലയ

സംവിധാനത്തിനു മാത്രമേ ഇത്തരം ഒരു വിദ്യാഭ്യാസ സമീപനം പ്രയോഗവത്കരിക്കാൻ സാധിക്കുകയുള്ളു.

ഒരു ജനതയുടെ സാമൂഹിക ജീവിതത്തെയും സംസ്കാരത്തെയും നിലനിർത്തുന്നത് മനുഷ്യന്റെ പ്രവർത്തനങ്ങളുടെയും പ്രവർത്തനരീതികളുടെയും മഹാസഞ്ചയമാണ്. കൈത്തൊഴിലുകളായ നെയ്ത്ത്, മരപ്പണി, മൺപാത്രനിർമാണം തുടങ്ങിയവയും കൃഷി, കച്ചവടം എന്നീ തൊഴിലുകളും വിവിധ കലാകായിക വിനോദങ്ങളും അടങ്ങിയതാണ് മൂല്യവത്തായ അറിവിന്റെ ഈ സഞ്ചയം. അറിവിന്റെ ഈ രൂപങ്ങൾ പ്രായോഗിക സ്വഭാവമുള്ളവയാണ്. എന്നാൽ നിലവിലുള്ള വിദ്യാഭ്യാസരീതി കുട്ടികളെ ഇത്തരം പ്രവർത്തനങ്ങളിൽ വിമുഖരാക്കുന്നു.

കൈവേലകൾ, തൊഴിലുകൾ, കലാരൂപങ്ങൾ എന്നിവയ്ക്ക് ഓരോന്നിനുമുള്ള അറിവ് വികസിക്കുന്നത് സഞ്ചിതമായാണ്. അത് അടുത്ത തലമുറയിലേക്ക് അനുഭവത്തിലൂടെയും മനനത്തിലൂടെയുമാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. മാത്രമല്ല, അവ പ്രായോഗിക പരിജ്ഞാനത്തിലൂടെ ആർജ്ജിക്കേണ്ടവയുമാണ്. ഇക്കാര്യത്തിലുള്ള ഇന്ത്യൻമാതൃക വിപുലവും വൈവിധ്യപൂർണവും സമ്പന്നവുമാണ്. ഉൽപാദനശേഷികളെന്ന നിലയ്ക്ക് അവ സമ്പദ്വ്യവസ്ഥയുടെ അമൂല്യമായ ഭാഗവുമാണ്. ഇതിലുൾപ്പെട്ടിട്ടുള്ള ജാതി, ലിംഗവിഭജനങ്ങൾ മറികടന്നുകൊണ്ടുവേണം ഇവ പാഠ്യപദ്ധതിയുടെ ഭാഗമായി മാറേണ്ടത്. കേവലം പരമ്പരാഗതമായ കൈത്തൊഴിലുകൾ എന്നതിലുപരി ഇവയുടെ ആധുനികമായ സാധ്യതകൾ തിരിച്ചറിഞ്ഞ് വേണം തൊഴിൽവിദ്യാഭ്യാസം എന്ന സങ്കൽപത്തിലേക്ക് നാം കടന്നുചെല്ലേണ്ടത്. അതോടൊപ്പം കേരളത്തിന്റെ തനത് കാർഷിക പ്രകൃതിദത്ത ഉൽപന്നങ്ങളുടെ സംസ്കരണവും വിപണനവും സാധ്യമാകുന്ന തരത്തിലുള്ള തൊഴിൽവിദ്യാഭ്യാസവും പരിഗണിക്കപ്പെടേണ്ടതുണ്ട്.